# ബോധി വൃക്ഷം

ഗിരീഷ് പി.


രണ്ടാം വർഷ സോഷ്യോളജി

ഒരു യന്ത്രത്തോക്കതാ നീ തുപ്പിടുന്നു.
അന്തരീക്ഷത്തിലുയരുന്ന രോദനം
തന്നെത്തന്നെ വില്ക്കുന്ന സോദരി
ഇരുളിൻ മറവിലുയരുന്നു നിശ്വാസം
ഒരു കുഞ്ഞയ്ച്ഛനെ തിരയുന്നു.
ഉയരുന്നന്തരീക്ഷത്തിൽ കഞ്ചാവിൻ പുക
എങ്ങനെ ഞാനിന്നുണ്ണും, ഉറങ്ങും.
എന്റെ സഹോദരൻ ഉണ്ണാതിരിക്കുമ്പോൾ,
എനിക്കെന്തിനീ വസ്ത്രങ്ങൾ, വളകൾ
എന്റെ സഹോദരൻ നഗ്നനാകുമ്പോൾ
വേണ്ട എനിക്കീ സുഖ സൗകര്യങ്ങൾ
നഗ്നപാദനായ് തിരയട്ടെ
ഞാനൊരു ബോധിവൃക്ഷത്തെ.

# എന്റെ സുഹൃത്തിന്

**ജോഷ്ന**

ഗുസ്തിക്കളത്തിൽ അന്നും
എനിക്ക് പരാജയം
അക്കങ്ങൾ വിജയഭേരി മുഴക്കി
ഞാൻ തലതാഴ്ത്തിയിരുന്ന്
നിന്റെ പുഞ്ചിരി കണ്ടില്ലെന്നു നടിച്ചു.
പൊയ്മുഖങ്ങളാം പേക്കിനാവുകൾ,
കർക്കിടകത്തിന്റെ കണ്ണുനീർ,
ഞെട്ടിയുണർത്തി ഓടിയൊളിച്ചു.
എന്റെ കൈവിലങ്ങിലെ
ചങ്ങലക്കണ്ണിക്ക് നീർക്കുമിളയോളമായുസ്സ്
ആവർത്തനങ്ങളിൽ ചുളിയുന്ന നെറ്റി.
നീ,
ആരെന്നെനിക്കറിയേണ്ടായിരുന്നു.
എന്തിനെനിക്ക് പേരറിയണം?
വാച്ചിലേയ്ക്കു നോക്കിയെൻ
നിമിഷങ്ങളെണ്ണിമാറ്റുകയായിരുന്നു.
ആർക്കു വേണ്ടി?
നിന്റെ ചിരിയ്ക്ക് ശ്മശാന മൂകത
അന്യമാകുന്ന നിന്റെ ചിരി
എന്റെ മാത്രമായ ശാശ്വത സത്യം
നോവിനെ ചിരിയാക്കി,
സ്വപ്നങ്ങളെ ഊതിപ്പെരുപ്പിച്ച്,
മധുരമായ് നോവിച്ച നീ
എന്റെ ആരൊക്കെയോ ആണ്.
പക്ഷെ,
എന്റെ ദുഃഖങ്ങൾ നിനക്കുള്ളതല്ല.
അത് എന്റേതു മാത്രം
നീ വീണ്ടുമെനിക്കു അന്യനാകുന്നു.



# എവിടെയാണ് മൗനം ജനിക്കുന്നത്

ഷക്കീൽ ഷംനാദ്

ആദം.
വിലക്കപ്പെട്ട കനി.
ആ കനിയ്ക്ക് മധുരമായിരുന്നുവോ?
അതിന് കയ്പ്പായിരുന്നുവോ?
എവിടെയാണ് മൗനം ജനിച്ചത്?
ആദം.
നീ ഹവ്വയെ അറിഞ്ഞില്ലേ?
അവൾ ചിരിച്ചുവോ?
അതോ.....?
എവിടെയാണ് മൗനം ജനിച്ചത്?
എരിയുന്ന ചിത.
തേങ്ങലുകൾ.
ഞാൻ,
പുതിയ മനുഷ്യൻ.
ചിതറിക്കിടക്കുന്ന പുസ്തകങ്ങൾ
ചിലന്തിവലകൾ നിറഞ്ഞ മുറി.
എവിടെയാണ് മൗനം ജനിച്ചത്?
അന്വേഷണം തുടർന്നു.
ഒടുവിൽ,
ആരോ പറഞ്ഞു
ആകാശത്ത് പറക്കുന്ന പക്ഷികൾക്കിടയിലാണ് മൗനം
എല്ലാം കഴിഞ്ഞു.
അന്വേഷണം മതിയാക്കി,
വീട്,
ക്ഷീണിച്ചവർക്കുള്ള സത്രം.
നനവുവറ്റാത്ത പുൽപ്പായ
അരയിൽ മുണ്ട് മുറുക്കിക്കെട്ടിയ അനിയൻ
ഓവുചാലിന്റെ മണം പുരണ്ട സന്ധ്യ
'അച്ഛനുണ്ടെനിക്കെന്നാ-
ലെനിക്കച്ഛനില്ലാ' എന്ന്.
പണ്ടാരോ പാടി.
അമ്മ
ദൈവമേ!
ഞാൻ തേടിയ മൗനം.....!

# FEROKE

The rice-birds fly so white, so silver white,
The velvet rice-flats lie so emerald green,
My heart inhales, with sorrowful delight,
The sweet and poignant sadness of the scene.

The swollen tawny river seeks the sea,
Its hungry waters, never satisfied,
Beflecked with fullen log and torn-up tree,
Engulph the fisher-huts on either side.

The current brought a stranger yesterday,
And laid him on the sand beneath a plan.
His worn young face was partly torn away,
His eye, that saw the world no more, were calm.

We Could not close his eyelids, stiff with blood,-
But, oh, my brother, I had changed with thee
For I am still tormented in the flood,
Whilst thou hast done thy work, and reached the sea.

---

*This work is taken away from the collection "Indian Love" written by Laurence Hope and published by William Heinemann Co. The writter had resided in Feroke for few years and in this she portrays the beauty and exuberrence of river 'Chaliyar'.*

---

# പ്രകാശം കാത്തിരിക്കുന്നവർ

നജാത്തുല്ലാ സിദ്ധീഖി


അവൻ
ജനലരുകിൽ പ്രകാശം കാത്തിരിക്കുന്നവർ
അവന്റെ കണ്ണുകളിൽ പ്രതീക്ഷ
ദേശാടനത്തിന് മലയിറങ്ങിപ്പോയ
എന്റെ അച്ഛനെവിടെ?
ചുള്ളി പെറുക്കാൻ കാട്ടിലേക്കിറങ്ങിയ
എന്റെ അമ്മ.....?
നിമിഷങ്ങളിൽ നിന്ന്
നിമിഷങ്ങളിലേക്ക് നീളുന്ന സംശയങ്ങൾ....

അവൻ
ഭീരു.
സ്വന്തം നാവിനെപ്പോലും ഭയക്കുന്നവൻ
പടിയിറങ്ങിയ വാക്കുകളുടെ തടവുകാരൻ
വിഡ്ഢി...
സ്വന്തമായി രഹസ്യങ്ങളില്ലാത്തവൻ
അപരിചിതനും പകർന്നുകൊടുക്കുന്ന
അടപ്പില്ലാത്തൊരു കോപ്പ.....
ഉത്തരവാദിത്തമില്ലാത്ത പ്രണയങ്ങളിൽ
കരുതിയാകുന്നവർ
സ്നേഹം അവന് ആത്മബലി.

പ്രകാശം കാത്തിരിക്കുന്നവൻ
കിളിവാതിൽ തുറക്കാനറിയില്ലായിരുന്നു
ജനലിനപ്പുറത്ത് വെയിൽ കൂട്ടങ്ങൾ
മേഞ്ഞു നടക്കുന്നത് അറിയില്ലായിരുന്നു.

ചിലപ്പോൾ,
ഉന്മാദത്തിന്റെ പാതിരാത്രികളിൽ മാത്രം
അവൻ ജനലുകൾ മലർക്കെ തുറന്നിടും
നിലാവ് വെയിലായി നിറയുന്നു
ആ നിമിഷങ്ങളിൽ
അവന് അവരെ നഷ്ടപ്പെട്ടു
ശ്വാസഗതി വർദ്ധിക്കുകയും
വ്യഥയും ഭീതിയും ഉള്ളിൽ നിറയുകയും ചെയ്തു.
അവൻ അവനോട് തന്നെ പരിഭവിച്ചു.
'.....ഈ മുറിയിൽ വന്നു നിറയുന്ന
വർണ്ണങ്ങളേതാണ്?
മന്നയും സൽവയുമായി കടന്നുവരേണ്ട
പ്രവാചകനെവിടെയാണ്?
ജീവിതത്തിന്റെ മറുകരകളിലേക്കുള്ള
കടത്തു തോണീ എവിടെയാണ്?

അവൻ മരണത്തെ
ഗൂഢമായി കാമിച്ചിരുന്നു
പക്ഷേ,
ഒരിക്കലും വെളിപാടുണ്ടാവില്ല.
അവന്റെ മോഹങ്ങളും ചോദ്യങ്ങളും
വെളിപാടിനായി കാത്തുകിടന്നു.
ജനലരുകിൽ
പ്രകാശത്തിനായി അവനും...





# പ്രകൃതി

ഷാജിൽ വി.എൻ.

ഒരു മഞ്ഞുതുള്ളികണക്കെ ഞാൻ വീണു:-
നിൻ സ്നേഹമാം മടിത്തട്ടിൽ
അതിൽ ഞാൻ വളർന്നു ഒരു
പുൽക്കൊടിത്തുമ്പുപോൽ
നിൻ മിഴിവേകും കൺകൾ
എന്നെത്തഴുകി "പവിഴമണിപോലെ"
എൻ മുടിയിലമർന്നു നിൻ,
അഴകേകും ചെഞ്ചുണ്ടുകൾ,
തണലായ്, അറിവായ്, സ്നേഹമായ്
അലിഞ്ഞു നീ എന്നിൽ
നിൻ ശോഭയേറും കവിൾത്തടം കണ്ടു-
കൃതാർത്ഥനായ് ഞാൻ
നിൻ കനികൾ ഭക്ഷിച്ചു
കരുത്തനായ് ഞാൻ
അറിവുകൾ നെയ്തെടുത്തു:
നിൻ അപാരമാം സാന്നിദ്ധ്യത്തിൽ
സ്നേഹസംഫുല്ലയാം നീ എനിക്കേകി
വറ്റാത്ത അമൃത കുംഭങ്ങൾ
പകരമായ് തരുവാൻ എൻ പക്ക-
ലൊന്നുമില്ലൊന്നു മില്ല.
നീയാണെൻ തായ, നീയാണെൻ ശക്തി,
നീയാണെന്നറിവ്, നീയാണെൻ ദേവി:
നീയാണെൻ സ്നേഹ സുന്ദരിയാം പ്രകൃതി.

# രണ്ട് ദൗർബല്യങ്ങൾ

ജലീൽ കൊച്ചി

താൻ ദൗർബല്യങ്ങളുടെ മാത്രം ഉടമയാണെന്ന്

വളരെ വൈകിയാണ് അയാൾ അറിഞ്ഞത്.

ദൗർബല്യങ്ങളൊക്കെ കൈവെടിഞ്ഞ് പുതിയൊരു

മനുഷ്യനാകണം അയാൾ ഉറച്ചു.

ഗ്രന്ഥ പാരായണങ്ങൾക്കിടയിലൂടലെടുക്കുന്ന ദുഷ്ചിന്ത-

കളകറ്റാൻ അയാൾ ഗ്രന്ഥങ്ങളുപേക്ഷിച്ചു

സുഹൃദ് സംഗമനിശകളിലെ മദ്യപാനവും പുകവലിയും

ഒഴിവാക്കാൻ അയാൾ സുഹൃത്തുക്കളെ ഉപേക്ഷിച്ചു

നഗ്നതയാസ്വദിക്കുന്ന ശീലം മാറ്റാൻ

സായാഹ്നങ്ങളിലെ സവാരിയുമുപേക്ഷിച്ചു

സംഭാഷണങ്ങൾക്കിടയിലെ കളവുകളും പൊയ്‌വാക്കുകളു-

മുപേക്ഷിക്കാൻ അയാൾ മൗന മവലംബിച്ചു.

ഉറക്കറയിലെ ദുഃസ്വപ്നങ്ങളെ അകറ്റാൻ

അയാൾ കിടക്കയും ഉപേക്ഷിച്ചു.

പിന്നെയും രണ്ട് ദൗർബല്യങ്ങൾകൂടി അവശേഷിച്ചു

കാമവും വിശപ്പും

അവയുടെ ഉറവിടം ജഢമാണന്നെയാളറിഞ്ഞു

അപ്പോൾ അയാൾ ശരീരവുമുപേക്ഷിച്ചു.

# റൂത്ത് എന്ന പെൺകുട്ടിയ്ക്ക്

എം. നൗഷാദ്

*(ആനന്ദിന്റെ 'മരുഭൂമികൾ ഉണ്ടാകുന്നത്'*
*എന്ന നോവലിലെ ഒരു കഥാപാത്രമാണ് റൂത്ത്)*

പരാജിതരെല്ലാം
തിരിച്ചുവരുമെന്ന്
നീവീണ്ടും പറഞ്ഞിരുന്നു.
ഇപ്പോൾ;
ഞാൻ മരുഭൂമിയിലല്ല.
രാത്രിയുടെ കുളിരിൽ
ദാഹങ്ങളുടെ
നീറ്റൽ ഏറ്റാകാം.
സ്വപ്നങ്ങളും
എന്നെബഹിഷ്കരിക്കുന്നു.
ഞാൻ, ജൂദാസിന്റെ മകനല്ല.
മണ്ണിലും മൃത്യുവിലും
പാപം വിത്തിടാൻ
എനിക്കാവില്ല.
കനത്തതൂണുകൾക്കിടയിൽനിന്ന്ാ,
മരുഭൂമിയിലേക്ക്
നീ പറന്നെത്തിയ പക്ഷികൾ
താടിയിലും തലയിലും
വന്നിരുന്ന്,
ഷണ്ഡന്മാരുടെ വീരഗാഥ പാടുന്നു-
വ്യാജമുദ്രകളിൽ വിരലമർത്തി
നീ ചോദ്യങ്ങൾ ചോദിച്ചപോലെ,
ദേഹാദാഹങ്ങൾ മറന്ന്
ഒറ്റക്ക് ഒച്ചവെച്ചതുപൊലെ!
ഞാൻ വിശുദ്ധനല്ല.
എന്നിട്ടും
എന്റെ കലങ്ങിയ കണ്ണും
തേഞ്ഞ കാലടികളും
നീ കണ്ടു.
വഴികളും മേൽവിലാസവുമില്ലാതെ
മരുഭൂമിയിൽ
നഷ്ടപ്പെട്ടനിന്നെ,
ഈ ഹരിതനഗരത്തിന്റെ
കമാനങ്ങൾക്ക് കീഴിലിരുന്ന്
നാളേറെയായി
ഞാനോർമിക്കുന്നു.
പൊയ്മുഖങ്ങളും
കുറ്റൻ കിനാക്കളും
കാറ്റിലെറിഞ്ഞ വെറും മനുഷ്യനായ്.



നിന്നെ നെഞ്ചിലേറ്റുന്നു.
പല മുഖങ്ങളുടെ കറക്കത്തിലെ,
നഷ്ടമായനോട്ടം
പുതിയ ബോധങ്ങൾക്ക്
ഉയിരേകുകയത്രേ!
തണലും വേരുമില്ലാത്ത
ബോധി മരങ്ങളെ
മരുഭൂമിയിലെ പറവകൾ
പണ്ടേ, കൊത്തിക്കീറുന്നുണ്ട്.
എന്നാലും പ്രിയപ്പെട്ട റൂത്ത്,
മുട്ടും മുമ്പെ തുറക്കുന്ന
ഒരു തെരുവുവാതിലിൽ നിന്ന്
നീയും ഉയിർത്തെണീക്കുമോ?
പതിവില്ലാതെ,
കണ്ണിൽതീയും
കരളിൽ പകയും നിറച്ച്?

# സുമിത്ര അറിയുവാൻ

ജിബു ഗുരിക്കൾ

സുമിത്രേ,
മറക്കാം നമുക്കാം പഴങ്കഥകൾ
അവയെല്ലാം മരിക്കുന്ന ഓർമ്മകൾ
കുന്നിൽ ചരിവും
മണൽത്തിട്ടയും - എല്ലാം
മറക്കാൻ ശ്രമിക്കൂ;
ഓർമ്മകൾക്ക് സാന്ത്വനമേകൂ.
അന്ന്,
നീ പിരിഞ്ഞു പോകുമ്പോൾ,
നിൻ വിരഹത്തിലാർത്തനായ്
ഞാനോതി
"പകുത്ത് നൽകാം ഞാനെന്റെ ചുമതലകൾ
അറിവുകൾ. കർമ്മങ്ങൾ."
ഇന്നാപ്പാതിയെവിടെ?
കർമ്മപാശങ്ങൾ,
അവയ്ക്ക് ധർമ്മങ്ങളില്ലല്ലോ!
ക്ഷമിക്കണം
വിധി;
അവയ്ക്ക് കണ്ണുകളുമില്ലല്ലോ!
ഇനി നിന്റെ ഓർമ്മയിൽ ഞാനില്ല,
എന്റെ പ്രതിബിംബം മാത്രം.
പണ്ടു കണ്ടൊരു സ്വപ്നം,
മറന്നുപോയി
മങ്ങിയൊരോർമ്മ.
എനിക്കു ദുഃഖങ്ങളില്ല.
ആത്മാവിന്റെ ചിതയിൽ എല്ലാം ഞാനെരിക്കുന്നു;
നിന്നെ പോലും.
വീണ്ടും ഞാൻ ജനിക്കുന്നു,
എന്റെ ലോകത്ത് നിറങ്ങളില്ല.
കറുത്ത സ്വപ്നവും
കറുത്ത മോഹവും
കറുപ്പും
തീയും.

# TRUTHS

RAMESH KUMAR.K

It is the end of summer
begins the wild wind
The sun is awkward looking
now where is the rage
The merin trees are shakewned
all buds destructed, leaves
fall down, limbs captures
base of it is challenged
Whole beings are miseaded
by the boffocated weather.
Rivers are over flowed
Water covered everything,
The sky is flakened and,
whole world is like dark night
The earth is tumbed with
The commence of wild wind
All compensations are meaning levess
most treachers are great peace makers
Now how justifies the optimision
here where is the rage.



# UNTIL I SAW YOU

**SAHIR. M**

Smeltring summer was over
Shivering winter is in
A december morning with the sun
And smell of the falling flowers.
Down by the oak I stood
I watch all my friends go by
And pretend, I don't hear the bell
That rings through the cloudy sky
I was happy with the smile she gave me
It's just that happy was all she made me
Happy that was until I saw you

# യാത്രാമൊഴിയ്ക്കു മുമ്പ്......

രഞ്ജിനി



ഒരു നാളീയെന്നെത്തനിച്ചാക്കി, എന്റെ
മനസ്സിനേകാന്ത സമൃതികളെ കൂട്ടിരുത്തി, എന്റെ
പകലുകൾക്കും രാത്രികൾക്കും
നിറഞ്ഞ മൗനത്തിനെ കൂട്ടിരുത്തി, ദൂരെ
ദൂരേയ്ക്കു നീ പോയ് മറയും, നിൻ സ്വർണ്ണ-
ച്ചിറകു വിടർത്തിപ്പറന്നുപോകും.

അപ്പോൾ, നിൻവിരൽതട്ടിയെൻ ഹൃത്തിൽ ചിതറിയ
സ്വപ്നത്തിൽ സിന്ദൂരവർണ്ണ രേണുക്കളും
നിന്റെ നിലാച്ചിരിയുണ്ടു തെളിയാവുള്ളൊ-
രെന്നാശകൾതൻ നിറത്തെല്ലുകളുമൊക്കെ-
യുത്സവം തീർന്നൊരു പൂരപ്പറമ്പിലെ
പൊട്ടുവർണ്ണങ്ങൾ പോൽ ബാക്കിയാവും!

അന്ന്, ഞാനുമെൻ ജന്മവും മാറിയെത്തും കാല-
ഭേദങ്ങളെ വരവേൽക്കാൻ നിയോഗവുമായീവഴികളിൽ
ബാക്കിയാവും, നിന്റെ യോർമ്മകളൊക്കെയു-
മോരോ ഋതുവിലും മോരോ നിറങ്ങളിൽ
പൂത്തും തളിർത്തും ചിരിച്ചുനില്ക്കും!

വേനൽ മഴയുടെയാദ്രഭാവങ്ങളെ
പൂക്കളായ് വിരിയിക്കും വൈശാഖമാസത്തിൽ
ഒരു നന്ത്യാർ വട്ട മലരിന്റെ വെണ്മയും
നറുമണവും ഞാൻ നുകരുമ്പൊഴൊക്കെയും
എന്നുള്ളിലാ വെണ്മയാകെ പകരുന്ന
നിന്റെ സാമീപ്യം കൊതിച്ചുപോകും.

തെളിയും നിലാവത്ത്, മാനത്തെ നക്ഷത്ര
ചിത്രങ്ങൾ നോക്കി, യാക്ഷീരപഥത്തിന്റെ
വെണ്മയിൽ മിഴിനട്ടിരിക്കുന്ന നേരത്ത്
കണ്ടോ അരുന്ധതി നക്ഷത്രത്തെയെന്നു
മെല്ലെയൊരു ചോദ്യമെൻ കാതിൽ വീണിടും.
പിന്നെ, മാനത്തേക്കു കൈ ചൂണ്ടിനിന്നിടും
നിന്റെ രൂപം മുന്നിൽ മെല്ലെത്തെളിഞ്ഞിടും!

അന്നേരം നീ മുന്നിലില്ലെന്ന നൊമ്പരം
ഉള്ളിലറിയാതുണർന്നുപോകും, പിന്നെ-
യെപ്പൊഴോ നീ വന്നു ചേരുമെന്നുള്ളൊരു
കൊച്ചു പ്രതീക്ഷയുണർന്നിരിക്കും, എന്നും
നീയൊരു പാടു സ്നേഹിച്ചൊരീയങ്കണം
വീണ്ടുമൊരു വട്ടം കൺവാനെങ്കിലും...!

ഏതോ വഴികളിലെപ്പൊഴോ നീകണ്ട
നൂറുമുഖങ്ങളിലൊന്നുമാത്രം, എന്റേ-
തെങ്കിലും നിന്റേതെന്നിക്കെത്രയോ പ്രിയ-
പ്പെട്ടൊരു തൂമുഖം, ഒരു കുഞ്ഞുകീറായുദിച്ചു.
നിന്നു തിളങ്ങിടുമെൻ കുളിരമ്പിളി!

ഒരു നാളീയെന്നെത്തനിച്ചാക്കി ദൂരെയൊരു
പുതിയ തീരത്തേക്കു നീ മറയും, അന്ന്
ഉള്ളിലെൻ കൊച്ചു ദുഃഖത്തിനെ താരാട്ടു
പാടിയുറക്കി ഞാൻ വന്നു നില്ക്കും, എന്റെ-
യേറ്റം പ്രിയപ്പെട്ട പൊൻ തൂവൽപക്ഷിക്ക്
ഹൃദയത്തിൽ യാത്രാ മൊഴികൾ നല്കാൻ...!

യാത്രാ മൊഴിക്കുമുമ്പേയിതുകൂടി, യെ-
ന്നന്തരംഗത്തിന്റെ യാകാശത്തരുണനായ്
കാത്തുവെച്ചോട്ടെ ഞാൻ നിന്നെ?
എന്തിനു വീണ്ടും മിച്ചോദ്യമെന്നല്ലേനീ-
ന്നിളവെയിൽ ച്ചിരിയിലെൻ കണ്ണീർക്കണികകൾ
അരവിന്ദ മിഴികളിലരുണ പ്രഭാതത്തി-
ന്നഴകേകും രത്നങ്ങളായി!